(ബി) ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കൈമാറിയിട്ടുണ്ടെങ്കിൽ പല താലൂക്കുകളിലും റവന്യൂ വകുപ്പു തന്നെ ഇപ്പോഴും നികുതി പിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ഇപ്രകാരം നികുതി പിരിക്കാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) കൈമാറിയിട്ടില്ലെങ്കിൽ ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ അധികാരം കൈമാറാൻ നടപടി സ്വീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) :

(എ) ഇല്ല.

(ബി,സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പരിശോധനയിലാണ്.

വനംവകുപ്പിന്റെ കീഴിൽ ആയുർവേദ ഔഷധസസ്യത്തോട്ടം

25 (*146) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വനസംരക്ഷണ വകുപ്പിന്റെ കീഴിൽ ആയുർവേദ പച്ച മരുന്ന് തോട്ടങ്ങൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അവ എവിടെയൊക്കെ സ്ഥിതി ചെയ്യുന്നു ;

(ബി) വനനശീകരണത്തിന്റെയും പരിസ്ഥിതി പ്രശ്നങ്ങളുടെയും ഫലമായി നാശം നേരിട്ടുകൊണ്ടിരിക്കുന്ന പച്ചമരുന്നുകളുടെ സംരക്ഷണത്തിനും കൂടുതൽ ലഭ്യതയ്ക്കുമായി വനം വകുപ്പ് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ ;

(സി) സാമൂഹ്യവനവൽക്കരണ പരിപാടിയുടെ ഭാഗമായി ഔഷധസസ്യങ്ങൾ വളർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതൊക്കെ പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഔഷധ സസ്യങ്ങളുടെ സംരക്ഷണത്തിനും കൂടുതൽ ലഭ്യതയ്ക്കും പുതിയ പച്ചമരുന്നുതോട്ടങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി ഡെൻമാർക്ക് ഗവൺമെന്റിന്റെ വിദേശ സഹായസംഘടനയായ "ഡാനിഡ"യുമായി സഹകരിച്ചു കൊണ്ട് സംസ്ഥാനത്ത് ആയുർവേദ ഔഷധസസ്യ സംരക്ഷണ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

വനവും ഗതാഗതവും വകുപ്പുമന്ത്രി ശ്രീ. സി. കെ. നാണു)

(എ) ഉണ്ട്. തിരുവനന്തപുരം ഡിവിഷനിലെ കുളത്തുപുഴ, തെന്മല ഡിവിഷനിലെ നാഗമല, മൂന്നാർ ഡിവിഷനിലെ തുമ്പിപ്പാറ, കണ്ണൂർ ഡിവിഷനിലെ വേങ്ങളത്തു എന്നീ സ്ഥലങ്ങളിലാണ് ഔഷധസസ്യത്തോട്ടങ്ങൾ നിലവിലുള്ളത്.

(ബി) പശ്ചിമഘട്ട വികസന പദ്ധതിയിലൂടെയും 100% കേന്ദ്ര സഹായമുള്ള തടി ഇതര വനവിഭവ പദ്ധതിയിലൂടെയും പച്ച മരുന്നുകളുടെ സംരക്ഷണം ഉറപ്പാക്കുന്നു.

വയനാട്, കണ്ണൂർ ജില്ലകളിലെ ഗിരിവർഗ്ഗ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള പ്രക്ഷീണ വനപ്രദേശത്ത് ഔഷധച്ചെടികളും വൃക്ഷങ്ങളും വച്ചുപിടിപ്പിക്കാനായി 'വനപ്രീയ' 'വനസ്പതി വനം' എന്നീ പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരത്തിനും സാമ്പത്തിക സഹായത്തിനുമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പ്രക്ഷീണവനഭാഗങ്ങളിൽ വിവിധ പദ്ധതികളിലൂടെ നടപ്പാക്കിവരുന്ന വനവൽക്കരണ പ്രവർത്തനങ്ങളിൽ ഔഷധ വൃക്ഷതൈകൾ കൂടി നട്ടു വളർത്തുന്നുണ്ട്.

(ഡി&ഇ) ഉണ്ട്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫൗണ്ടേഷൻ ഫോർ റീവൈറ്റലൈസേഷൻ ഓഫ് ലോക്കൽ ഹെൽത്ത് ട്രഡീഷൻസ് (എഫ്. ആർ. എൽ. എച്ച്. റ്റി) എന്ന സംഘടന ഡാനിഷ് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഔഷധ സസ്യങ്ങളുടെ സംരക്ഷണത്തിനായി വിവിധ പ്രവർത്തനങ്ങൾ 1993 മുതൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. ഇതുപ്രകാരം തെരഞ്ഞെടുക്കപ്പെട്ട അഗസ്ത്യമല, ത്രിവേണി, ഇരവികുളം, പീച്ചി, അതിരപ്പള്ളി, സൈലന്റ് വാലി, വയനാട്, കുളമാവ് എന്നീ സ്ഥലങ്ങളിൽ ഏകദേശം 1429 ഹെക്ടർ വനപ്രദേശത്ത് മെഡിസിനൽ പ്ലാന്റ് കൺസർവേഷൻ ഏരിയകൾ ഉണ്ട്. ടി സ്ഥലങ്ങളിൽ ഔഷധ സസ്യങ്ങളെ പരിപാലിച്ച് ഔഷധ സസ്യങ്ങളുടെ ജീൻ ബാങ്കായി സംരക്ഷിച്ചുവരുന്നു.

മലയോര കർഷകർക്കുള്ള പട്ടയവിതരണം

26 (*147) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോരകർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ മുൻഗവൺമെന്റ് എന്നാണ് ആരംഭിച്ചതെന്നും മുൻ ഗവൺമെന്റ് എത്ര പേർക്ക് പട്ടയം വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ ;

(ബി) ഈ ഗവൺമെന്റ് മലയോര കർഷകർക്ക് എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്നും ഇനി എത്ര പട്ടയങ്ങൾ വിതരണത്തിനായി അവശേഷിക്കുന്നുണ്ടെന്നും അറിയിക്കാമോ ;

(സി) ഈ പട്ടയവിതരണം സംബന്ധിച്ച് ഏതെങ്കിലും കേസുകൾ നിലവിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly